നെല്ല്സംഭരണ കുടിശ്ശിക

197 (1240) ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരിൽനിന്നും സപ്ലൈകോ വാങ്ങുന്ന നെല്ലിന് സർക്കാർ നിശ്ചയിച്ച സംഭരണ വിലയിൽ കുറവ് വരുത്തുകയുണ്ടായോ ; സംഭരിക്കുന്ന നെല്ലിന് നിലവിൽ നൽകിവരുന്ന വിലയെത്ര; ഇതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് അറിയിക്കാമോ ;

(ബി) കർഷകർക്ക് എന്ത് തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നെല്ല് സംഭരണത്തിനായി സപ്ലൈകോയ്ക്ക് സർക്കാർ നൽകാനുള്ള ഫണ്ടിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഡി) സംഭരണ വിലയിൽ കുറവ് വരുന്നതും യഥാസമയം വില ലഭിക്കാത്തതുംമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഇ) കർഷകരുടെ കുടിശ്ശിക തീർത്ത് നൽകുന്നതിനും സംഭരണവില വർദ്ധിപ്പിക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. സപ്ലൈകോ നിലവിൽ കിലോയ്ക്ക് 19 രൂപ നൽകിയാണ് നെല്ല് സംഭരിക്കുന്നത്. ഇതിൽ 13.60 രൂപ കേന്ദ്രവിഹിതവും ബാക്കി 5.40 രൂപ സംസ്ഥാന വിഹിതവുമാണ്.

(ബി) 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിക്കഴിഞ്ഞു. 2015 ഫെബ്രുവരി 15-ന് ശേഷം വരിച്ച PRS വെരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2013-14 രണ്ടാം സീസൺ മുതൽ സംഭരിച്ച നെല്ലിന്റെ സംസ്ഥാന സർക്കാർ വിഹിതമായ 167.06 കോടി രൂപ സപ്ലൈകോയ്ക്ക് ലഭ്യമാക്കാനുണ്ട്.

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിശ്ചയിക്കുന്ന താങ്ങുവിലയ്ക്കാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയിൽ കുറവ് നൽകി സപ്ലൈകോ നെല്ല് സംഭരിക്കാറില്ല. പുറത്ത് ലഭ്യമാകുന്ന മുറയ്ക്ക് നെല്ലിന്റെ വില താമസം കൂടാതെ കർഷകർക്ക് നൽകാൻ ശ്രമിക്കാറുണ്ട്. എന്നാൽ നടപ്പ് സീസണിൽ സംഭരിച്ച നെല്ല് വില കാലതാമസം കൂടാതെ തന്നെ നൽകിവരുന്നു.

(ഇ) 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും നൽകിക്കഴിഞ്ഞു. 2015 ഫെബ്രുവരി 15-ന് ശേഷം ലഭിച്ച PRS വെരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. സംഭരണവില വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാർ പരിശോധിക്കുന്നു.

ബി.പി.എൽ.-കാരെ കണ്ടെത്തുന്നതിനുള്ള റാങ്കിംഗ് നടപടികൾ

198 (1241) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡിലെ ബി.പി.എൽ.-കാരെ കണ്ടെത്തുന്നതിന് താലൂക്കുതല റാങ്കിംഗ് നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റാങ്കിംഗ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മുന്നോടിയായി റേഷൻകാർഡുടമകളിൽനിന്ന് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് താലൂക്കുതലത്തിൽ റാങ്കിംഗ് നടത്തുന്നതു സംബന്ധിച്ച് 2-2-2015-ലെ സ.ഉ. (കൈ) നമ്പർ 3/15/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ പ്രത്യേകം സംഘടിപ്പിക്കുന്ന ഫോട്ടോ ക്യാമ്പുകളിലൂടെ കാർഡുടമകളിൽനിന്ന് സ്വീകരിക്കുന്ന നടപടികളാണ് നടന്നുവരുന്നത്. ടി അപേക്ഷാ ഫാറങ്ങളിലെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിക്കഴിഞ്ഞ് പരിശോധനയ്ക്കുശേഷം റാങ്കിംഗ് നടപടികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly